"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിൽ നേതാജി വാർഡിലെ റോഡ് കോൺക്രീറ്റിംഗിൽ ക്രമക്കേടുകൾ — മിന്നൽ പരിശോധന - അസി.എക്സി.എഞ്ചിനിയർ ശ്രീമതി. ശ്രീദേവി വി.എസ്.(PEN 422023), അസി.എഞ്ചിനിയർ ശ്രീ.വി.കെ.ജയരാജ്, (PEN-480978), മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സല കുമാരി (PEN-889897) എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1983/2025/LSGD തീയതി,തിരുവനന്തപുരം, 10-08-2025

---

പരാമർശം:-

1. വിജിലൻസ്(എഫ്) വകുപ്പിൽ നിന്നുള്ള 18.10.2022-ലെ വിജി-എഫ്1/139/2022/വിജി നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയരക്ടറുടെ 16.09.2022-ലെ ഇ3(എസ്.സി72/2022/കൊല്ലം)13508/ 2022 നമ്പർ കത്തും അനുബന്ധമായ 25.06.2022-ലെ SC-72/2022/KLM നമ്പർ മിന്നൽ പരിശോധനാറിപ്പോർട്ടും.
3. 08.11.2022-ലെ ഇഡബ്ല്യൂഎ1/79/2022/എൽ.എസ്.ജി.ഡി നം. കുറ്റപത്രം /കുറ്റാരോപണ പത്രിക.
4. അസി.എക്സി.എഞ്ചിനിയർ ശ്രീമതി ശ്രീദേവി വി.എസ്.(PEN 422023)-ന്റെ 09/02/2023-ലെ പ്രതിവാദപത്രിക
5. അസി.എഞ്ചിനിയർ ശ്രീ.വി.കെ.ജയരാജ് (PEN-480978)-ന്റെ 08/02/2023-ലെ പ്രതിവാദപത്രിക
6. മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സല കുമാരി (PEN-889897)-യുടെ 09/02/2023-ലെ പ്രതിവാദപത്രിക
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.08.2024-ലെ LSGD/PD/3959/ 2023-VIGA4 നമ്പർ കത്ത്.
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.12.2024-ലെ LSGD/PD/3959/ 2023-VIGA4 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് നേതാജി വാർഡിലെ നേതാജി ജംഗ്ഷൻ — ശാസ്താംകോണം റോഡ് കോൺക്രീറ്റിംഗിൽ ക്രമക്കേടുകളുണ്ടെന്നുള്ള ആരോപണത്തിന്മേൽ 15.06.22-ൽ ടി റോഡിലും പുനലൂർ മുനിസിപ്പാലിറ്റിയിലെ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനിയറിംഗ് വിംഗിലും നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ **ക്രമക്കേടുകൾ** ചുവടെ ചേർക്കുന്നു.

1. പുനലൂർ നഗരസഭയിലെ നേതാജി വാർഡ് VIII-ൽ 285.25 മീറ്റർ നീളത്തിലും 3 മുതൽ 4.8 മീറ്റർ

വരെ വീതിയിലും പണിത നേതാജി ജംഗ്ഷൻ ശിവൻ കോവിൽ ലിങ്ക് റോഡിന്റെ 95 മീറ്ററോളം വരുന്ന ഭാഗത്ത് റോഡിന്റെ ഉപരിതലത്തിലെ സിമന്റും എം.സാന്റും ഇളകി മാറി മെറ്റൽ തെളിഞ്ഞിരിക്കുന്നതായും, റോഡിന് 10 സെ.മീ. കനം വേണ്ടയിടത്ത് 7.5 സെ.മീ. കനം മാത്രം ഉള്ളതായും കണ്ടെത്തി.

2. എം.ബുക്ക് പ്രകാരം ടി റോഡ് 290.90 മീറ്റർ നീളത്തിൽ നിർവ്വഹണം നടത്തിയതായി കാണുന്നുവെങ്കിലും പരിശോധനയിൽ 285.25 മീറ്റർ നീളത്തിൽ മാത്രമേ ടി റോഡ് നിർവ്വഹണം നടത്തിയതായി കാണുന്നുള്ളൂ.

2. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ **ശിപാർശകൾ** ചുവടെ ചേർക്കുന്നു.

1. ഒന്നാമത്തെ അപാകതയ്ക്ക് പ്രധാന കാരണം സിമന്റ് മിക്സിംഗ് റേഷ്യോ കൃത്യമായി പരിപാലിക്കുകയോ ആയത് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയോ ചെയ്യാത്തത് മൂലമാണെന്ന് വെളിവായിട്ടുള്ളതിനാൽ ടി സൈറ്റിൽ പ്രവർത്തി നിർവ്വഹണം സൂപ്പർവൈസ് ചെയ്ത മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സലകുമാരി സി. (PEN. 889897) പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജയരാജ് വി.കെ. (PEN. 480978), ടി പ്രവൃത്തി ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ശ്രീദേവി.വി.എസ്. (PEN. 422023) കോൺട്രാക്ടർ ശ്രീ. ഗിരീഷ് കുമാർ എന്നിവർ ആയതിന് ഉത്തരവാദികളാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി അപാകതയിന്മേൽ ഓവർസിയർ ശ്രീമതി വത്സലകുമാരി, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജയരാജ് എന്നിവരിൽ നിന്നും ടി പ്രവർത്തിയുടെ എം.ബുക്ക് ചെക്ക് മെഷർ ചെയ്ത പുനലൂർ നഗരസഭയിലെ LID & EW-ന്റെ മേധാവിയുമായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ശ്രീദേവി വി.എസ്.-ൽ നിന്നും വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുക.
2. രണ്ടാമത്തെ അപാകതയ്ക്ക് ഉത്തരവാദികളായ മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി. വത്സലകുമാരി സി., പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജയരാജ് വി.കെ., ടി പ്രവർത്തി ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി ശ്രീദേവി വി.എസ്., കോൺട്രാക്ടർ ശ്രീ. ഗിരീഷ് കുമാർ എന്നിവരിൽ നിന്നും സൈറ്റ് കണ്ടിഷനെ അധികരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയിരുന്ന 5.65mx0.1mx3.78m (ശരാശരി വീതി) ക്യൂബിക് മീറ്ററിന് 6151.990 റേറ്റ് അനുസരിച്ച് 13,138.80 രൂപയ്ക്ക് നാളിതുവരെയുള്ള 18% പലിശ സഹിതം തുക ഈടാക്കുക. കൂടാതെ മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി. വത്സലകുമാരി, അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജയരാജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ശ്രീദേവി എന്നിവരിൽ നിന്ന് ടി അപാകതയിന്മേൽ വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുക.

3. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി ശ്രീദേവി വി.എസ്., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. വി.കെ.ജയരാജ്, മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സല കുമാരി എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റപത്രം നൽകിയിരുന്നു.

4. കൂടാതെ എം.ബുക്ക് പ്രകാരം ടി റോഡ് 290.90 മീറ്റർ നീളത്തിൽ നിർവ്വഹണം നടത്തിയതായി കാണുന്നുവെങ്കിലും പരിശോധനയിൽ 285.25 മീറ്റർ നീളത്തിൽ മാത്രമേ ടി റോഡ് നിർവ്വഹണം നടത്തിയതായി കാണുന്നുള്ളൂവെന്നതിനാൽ ആയതിന് ഉത്തരവാദികളായ മൂന്നാം

ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സലകുമാരി, പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. വി.കെ.ജയരാജ്, ടി പ്രവൃത്തി ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി ശ്രീദേവി വി.എസ്., കോൺട്രാക്ടർ ശ്രീ. ഗിരീഷ് കുമാർ എന്നിവരിൽ നിന്നും സൈറ്റ് കണ്ടിഷനെ അധികരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയിരുന്ന 5.65mx0.1mx3.78m (ശരാശരി വീതി) ക്യൂബിക് മീറ്ററിന് 6151.990 റേറ്റ് അനുസരിച്ച് 13,138.80 രൂപയ്ക്ക് നാളിതുവരെയുള്ള 18% പലിശ സഹിതം തുക ഈടാക്കാൻ ചീഫ് എൻജിനീയർക്ക് നിർദേശം നൽകിയിരുന്നത് പ്രകാരം **നഷ്ടതുക**യായ 13,138.80 രൂപയും ആയതിന്റെ നാളിതുവരെയുള്ള 18% പലിശയും കുററാരോപിതരായ ഉദ്യോഗസ്ഥർ പുനലൂർ നഗരസഭയിൽ അടവാക്കിയിട്ടുണ്ട് എന്ന് പരാമർശം 5 മുഖേന **പ്രിൻസിപ്പൽ ഡയറക്ടർ** അറിയിച്ചിട്ടുണ്ട്.

5. കുറ്റാരോപിതർ സമർപ്പിച്ച **എതിർവാദപത്രിക**യിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

**ശ്രീമതി. ശ്രീദേവി വി.എസ്.**:- പ്രോജക്ട് നം. 121/22 - നേതാജി ശിവൻ കോവിൽ ലിങ്ക് റോഡ് കോൺക്രീറ്റിംഗ്| എന്ന പ്രവർത്തി പൂർത്തീകരിച്ച ശേഷം അപ്രതീക്ഷിതമായി ഉണ്ടായ മഴയിൽ റോഡിന്റെ ചില ഭാഗങ്ങളിൽ കേടുപാടുകൾ ശ്രദ്ധയിൽപ്പെടുകയും ആയത് കരാറുകാരന് നിർദ്ദേശം നൽകി പരിഹരിക്കുകയും ചെയ്തശേഷമാണ് ടി പ്രവർത്തിയുടെ ചെക്ക് മെഷർമെന്റ് നടത്തിയത്. എന്നാൽ വീണ്ടും കനത്ത മഴ തുടർന്നതോടെ റോഡിന്റെ ഉപരിതലത്തിൽ ഗ്രൗട്ട് ഇളകി മെറ്റൽ കാണപ്പെട്ടു. തുടർന്ന് കരാറുകാരന് നോട്ടിസ് നൽകി കേടുപാടുകൾ വന്ന മുഴുവൻ ഭാഗവും 10 സെ.മീ. കനം ഉറപ്പാക്കി കോൺക്രീറ്റിംഗ് നടത്തി. നിലവിൽ റോഡിന് കേടുപാടുകൾ ഇല്ലാത്തതും ഗതാഗതയോഗ്യവുമാണ്. റോഡിന്റെ മുഴുവൻ നീളവും ചെക്ക് മെഷർ ചെയ്തിരുന്നില്ല. ആദ്യത്തെ കുറച്ച് അളവുകൾ മാത്രമാണ് ചെക്ക് മെഷർ ചെയ്തിരുന്നത്. നഗരസഭയിൽ സാമ്പത്തിക വർഷം ഏകദേശം 150-ൽ അധികം മരാമത്ത് പ്രവർത്തികളാണ് നടപ്പാക്കി പെയ്മെന്റ് നടത്തി വരുന്നത്. എല്ലാ പ്രവർത്തികളുടെയും എല്ലാ അളവുകളും ചെക്ക് മെഷർ ചെയ്യുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ഇപ്രകാരമാണ് ഈ പ്രവർത്തിയുടെ ആകെ നീളത്തിലുണ്ടായ വ്യത്യാസം ശ്രദ്ധയിൽപ്പെടാതെ പോയത്. അതുപോലെ എം.ബുക്ക് പ്രകാരം 290.90 മീ. നിളത്തിന് 124.22 ക്യുബിക് മീറ്റർ കോൺക്രീറ്റാണ് റെക്കോഡ് ചെയ്തിട്ടുള്ളത്. എന്നാൽ പരിശോധനയിൽ 285.25 മീ. നീളമാണ് കണ്ടെത്തിയത്. എന്നാൽ കുറവ് വന്ന നീളമായ (290.90-285.25) 5.65 മീ. അവസാന മെഷർമെന്റിന്റെ ആവറേജ് വീതിയായ 4.20+6.00/2 = 5.10 മീ. ക്വാണ്ടിറ്റി 5.65 x 5.10 x 0.10=2.881 ക്യുബിക് മീറ്റർ. 124.22 ക്യൂബിക് മീറ്റർ റിക്കോഡ് ചെയ്തിരുന്നെങ്കിലും 120 ക്യൂബിക് മീറ്ററിനാണ് പേയ്മെന്റ് നൽകിയിട്ടുള്ളത്. അധികമായി റിക്കോഡ് ചെയ്ത 2.881 ക്യൂബിക് മീറ്റർ കുറവ് ചെയ്താലും 124.22 - 2.881 = 121.339 ക്യൂബിക് മീറ്റർ ലഭിക്കും. 120 ക്യൂബിക് മീറ്റർ മാത്രമേ പേയ്മെന്റ് നൽകിയിട്ടുള്ളൂ. അധികമായി രേഖപ്പെടുത്തിയ 5.65 മീ. നീളത്തിന് പെയ്മെന്റ് നൽകിയിട്ടില്ല. പരാതിക്കാസ്പദമായ റോഡിന്റെ കേടുപാടുകൾ മുഴുവനായും പരിഹരിച്ചിട്ടുള്ളതിനാലും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

**ശ്രീ. വി.കെ.ജയരാജ്**-ശ്രീമതി ശ്രീദേവി വി.എസ്. സമർപ്പിച്ച മറുപടിക്ക് സമാനമായ മറുപടിയാണ് ടിയാനും സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ചുവടെ പറയുന്ന കാര്യങ്ങളും ബോധിപ്പിച്ചിട്ടുണ്ട്.

പുനലൂർ മുനിസിപ്പാലിറ്റിയുടെ 2021-22 വാർഷിക പദ്ധതിയിൽപ്പെട്ട പ്രോജക്ട് നം. 121/22 - നേതാജി ശിവൻ കോവിൽ ലിങ്ക് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയ്ക്കായി 1104000/- രൂപ അടങ്കൽ തുക വകയിരുത്തിയിരുന്നതും 738258/- രൂപയ്ക്ക് ശ്രീ. ഗിരീഷ് കുമാർ എന്ന കരാറുകാരൻ ഇ-ടെണ്ടർ മുഖേന ടി പ്രവൃത്തി എഗ്രിമെന്റ് വച്ച് നടപ്പാക്കിയിട്ടുള്ളതുമാണ്. 1:2:4 സിമന്റ് കോൺക്രീറ്റ് മിശ്രിതം

ഉപയോഗിത്ത് 10 സെ.മീ. കനത്തിൽ നിലവിൽ പൊട്ടിപ്പൊളിഞ്ഞ കോൺക്രീറ്റ് റോഡ് റീ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസും സാധന സാമഗ്രികളും ഉപയോഗിച്ചും 10 സെ.മീ. കനത്തിലും പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരവും വാർഡിന്റെ ചുമതലയുള്ള ഓവർസിയറുടെ മേൽനോട്ടത്തിലുമാണ് ടി പ്രവർത്തി നടപ്പിലാക്കിയത്. ടി റോഡിന്റെ പകുതിയോളം ഭാഗം നല്ല ചരിവുള്ള ഭാഗമാണ്. ടി പ്രവർത്തി പൂർത്തീകരിച്ച ദിവസം രാത്രിയിൽ പെയ്ത ശക്തമായ മഴയിൽ ടി റോഡിന്റെ ഉപരിതലത്തിൽ കേടുപാടുകൾ സംഭവിക്കുകയും ആയത് കരാറുകാരന് നിർദ്ദേശം നൽകി പരിഹരിക്കുകയും ചെയ്തു. എന്നാൽ വീണ്ടും കനത്ത മഴ തുടർന്നതോടെ കോൺക്രീറ്റ് റോഡിലെ ഗ്രൗട്ട് ഒലിച്ചുപോയി മെറ്റൽ തെളിഞ്ഞ നിലയിൽ കാണപ്പെട്ടു. പുനലൂർ മുനിസിപ്പാലിറ്റിയിൽ 2021-22 വാർഷിക പദ്ധതിയിൽ 150-ൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നു. 2021-22 വർഷത്തിൽ പൊതുമരാമത്ത് വിഭാഗത്തിലെ ധനവിനിയോഗത്തിൽ 83% കൈവരിച്ചിട്ടുള്ളതാണ്. വാർഷിക പദ്ധതി നടപ്പാക്കൽ കൂടാതെ 300 ചതുരശ്ര മീറ്റർ വരെയുള്ള എല്ലാത്തരം കെട്ടിടങ്ങളുടേയും പെർമിറ്റ്, ഒക്കുപ്പെൻസി നൽകൽ, കെട്ടിടങ്ങളുടെ വാല്യുവേഷൻ, വിവരാവകാശ അപേക്ഷകളിന്മേലുള്ള മറുപടി, ഹിയറിംഗ്, വകുപ്പുതല മീറ്റിംഗുകൾ, കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കൽ, പുതിയ പ്രോജക്ട് തയ്യാറാക്കൽ, എം.പി, എം.എൽ.എ. ഫണ്ട് തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി തയ്യാറാക്കേണ്ടി വന്നതും ടി സമയത്താണ്. ടി സമയത്തുണ്ടായ അധികജോലി ഭാരവും സംഘർഷവും മൂലമാണ് മെഷർമെന്റിൽ ചെറിയ പിശക് സംഭവിച്ചത്. നഗരസഭയ്ക്കോ സർക്കാരിനോ സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നതും കരാറുകാരന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്ന തരത്തിൽ പ്രവർത്തിച്ചിട്ടില്ലെന്നതും പരിഗണിച്ച് തന്റെഭാഗത്തുനിന്നും ബോധപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നും ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

**ശ്രീമതി വത്സലകുമാരി എൻ**.:- 07.09.2021-ൽ പുനലൂർ മുനിസിപ്പലിറ്റിയിൽ ജോലിയിൽ പ്രവേശിച്ചു. ടി കാലയളവിൽ പ്രോജക്ട് നം.121/22 -നേതാജി ശിവൻ കോവിൽ ലിങ്ക് റോഡ് റീകോൺക്രീറ്റിംഗ്| എന്ന പ്രവർത്തിയുടെ മേൽനോട്ടം നിർവഹിക്കുകയുണ്ടായി. ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം മേലധികാരികളുടെ നിർദേശാനുസരണം പ്രവർത്തി ചെയ്യുന്ന സമയത്ത് റോഡിന്റെ വലതുഭാഗത്ത് നിന്ന് ഇടത്തേക്ക് ജലം ഒഴുകി പോകുന്ന രീതിയിൽ ചെയ്യണമെന്ന് പൊതുജനങ്ങളും കൗൺസിലറും ആവശ്യപ്പെടുകയുണ്ടായി. ടി വിവരം മേലധികാരികളെ അറിയിച്ച് മേലധികാരികളുടെ നിർദേശാനുസരണം ചരിവ് പല ഭാഗങ്ങളിലായി നൽകി ജലമൊഴുക്ക് സുഗമമായി സാധ്യമാകുന്ന രീതിയിലാണ് പ്രവർത്തി ചെയ്തത്. അത്തരത്തിലുള്ള പ്രായോഗികമായ പരിവർത്തനങ്ങൾ പ്രവർത്തിയുടെ ഗുണനിലവാരത്തെ ഒട്ടും ബാധിക്കാത്ത വിധത്തിൽ മേലധികാരികളുടെ നിർദേശാനുസരണം സാങ്കേതികത ഉറപ്പു വരുത്തിയാണ് ടി പ്രവർത്തി ചെയ്തിട്ടുള്ളത്. ടി പ്രവർത്തി ചെയ്ത ദിവസം രാത്രിയിൽ അപ്രതീക്ഷിതമായി ശക്തമായ മഴ പെയ്യുകയുണ്ടായി. കോൺക്രീറ്റിന് ആവശ്യമായ സംരക്ഷണം നൽകുന്നതിനായി പ്ലാസ്റ്റിക് കൊണ്ട് ആവരണം ചെയ്തിരുന്നുവെങ്കിലും കോൺക്രീറ്റിന്റെ ഉപരിതല ഭാഗത്ത് വളരെ ചുരുക്കം ഭാഗങ്ങളിൽ സിമന്റ് ഗ്രൗട്ട് ഒലിച്ചു പോയി. ടി സ്ഥലങ്ങളിൽ അടിയന്തരമായി തന്നെ കരാറുകാരന്റെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ മെയിന്റനൻസ് ചെയ്തു പൂർത്തീകരിച്ച് റോഡ് സഞ്ചാര യോഗ്യമാക്കിയിട്ടുള്ളതാണ്. പ്രായോഗികവും സാങ്കേതികവുമായ രീതിയിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ പല ഭാഗങ്ങളിലും റോഡിന്റെ വീതിയിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചേക്കാം. റോഡിന്റെ നീളത്തിലും ആയത് ആനുപാതികമായി വരുന്നതാണ്. ബിൽ തയ്യാറാക്കുന്നതിലേയ്ക്കുള്ള അളവുകളെ സംബന്ധിച്ച് ഓവർസിയർ എന്ന നിലയിൽ ആയത്

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ആയതിനാൽ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

6. മേൽ എതിർവാദപത്രികകളിന്മേലുള്ള **പ്രിൻസിപ്പൽ ഡയറക്ടറുടെ** അഭിപ്രായക്കുറിപ്പ് ചുവടെ ചേർക്കുന്നു.

2022 ജനുവരി മാസത്തിൽ ചെയ്ത പുനലൂർ നഗരസഭയിലെ നേതാജി വാർഡിലെ നേതാജി ജംഗ്ഷൻ - ശാസ്താംകോണം റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തിയിൽ 10 സെ.മീ. കനത്തിൽ എഗ്രിമെന്റ് പ്രകാരം ചെയ്യാനുള്ളത് 7.5 സെ.മീ. കനത്തിൽ മാത്രം ചെയ്തിട്ട് 10 സെ.മീ. കനത്തിൽ ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തി സർക്കാരിന് നഷ്ടമുണ്ടാക്കിയതായും 282.5 മീ. നീളത്തിൽ ചെയ്ത കോൺക്രീറ്റ് 95 മീറ്റർവരെവരുന്നഭാഗത്തെ റോഡിന്റെ ഉപരിതലത്തിലെ സിമന്റും, എം.സാൻഡും ഇളകിമാറി മെറ്റൽ തെളിഞ്ഞിരിക്കുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതിന് റോഡിന്റെ കോൺക്രീറ്റ് വർക്ക് ചെയ്ത ശേഷം ഉണ്ടായ മഴയെ തുടർന്ന് റോഡിന്റെ ഉപരിതലത്തിലെ ഗ്രൗട്ട് ഇളകി മെറ്റൽ കാണപ്പെട്ടുകയാണുണ്ടായതെന്നുള്ള ന്യായീകരണം നിലനിൽക്കുന്നതല്ലെന്നും പ്രവൃത്തി മെഷർ ചെയ്യപ്പെട്ടുന്നതുവരെ ഏത് സാഹചര്യമുണ്ടായാലും കോൺക്രീറ്റിന്റെകനം നിലനിർത്തുന്നതിനുള്ള ബാധ്യത കോൺട്രാക്ടർക്കുണ്ടായിരിക്കെ കോൺക്രീറ്റ് കഴിഞ്ഞുണ്ടായ മഴയത്ത് ഒലിച്ച് പോയതുകാരണമാണ് 2.5 സെ.മീ. കോൺക്രീറ്റ് കനം കുറഞ്ഞത് എന്ന വാദം വിശ്വാസയോഗ്യമായി കാണുന്നില്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച ഓവർസിയർ ശ്രീമതി വത്സലകുമാരിയുടെ റിപ്പോർട്ടിൽ ടി പ്രവൃത്തി ചെയ്ത ദിവസം രാത്രിയിൽ മഴ പെയ്തുവെന്നും കോൺക്രീറ്റിന് സംരക്ഷണം നൽകുന്നതിന് പ്ലാസ്റ്റിക് കൊണ്ട് ആവരണം ചെയ്തിരുന്നുവെന്നും, കോൺക്രീറ്റിന്റെ ഉപരിതലഭാഗത്ത് വളരെ ചുരുക്കം ഭാഗങ്ങളിൽ സിമന്റ് ഗ്രൗട്ട് ഒലിച്ച് പോയിരുന്നു എന്നുമാണ് പറഞ്ഞിട്ടുള്ളത്. കോൺക്രീറ്റ് കനംകുറഞ്ഞു എന്നുള്ള പരാതി ഉണ്ടായ ശേഷം മാത്രമാണ് റികോൺക്രീറ്റ് ചെയ്ത് 10 സെ.മീ. കനം ഉണ്ടാക്കിയിട്ടുള്ളതെന്നു വ്യക്തമാണ്. കോൺട്രാക്ടർക്ക് ബില്ല് നൽകുമ്പോൾ 7.5 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്തതിന് 10 സെ.മീ. എന്ന് രേഖപ്പെടുത്തി തുക അനുവദിച്ചതിൽ ഗുരുതരമായ ക്രമക്കേട് സംഭവിച്ചതായി കാണുന്നു. എം.ബുക്ക് പ്രകാരം ടി റോഡ് 290.90 മീറ്റർ നീളത്തിൽ നിർവ്വഹണം നടത്തിയതായി കാണുന്നെങ്കിലും പരിശോധനയിൽ 285.25 മീറ്റർ നീളത്തിൽ മാത്രമേ നിർവ്വഹണം നടന്നതായി കാണുന്നുള്ളുവെന്നതാണ് ആരോപണം. എഗ്രിമെന്റ് രേഖകൾ പരിശോധിച്ചതിൽ 120.00$m^3$ന് 6151.99 രൂപ നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. തുക പാസാക്കി നൽകിയ എം.ബുക്കിന്റെ പേജ് നം. 4 പരിശോധിച്ചതിൽ തുക പാസാക്കി നൽകിയിരിക്കുന്നത് 120.00$m^3$ന് 5905.51 രൂപ നിരക്കിലാണ്. ആയതനുസരിച്ച് 708661/- രൂപയും ജി.എസ്.ടി അടക്കം 793700/- രൂപയും ആണ് പാസ്സാക്കി നൽകിയിട്ടുള്ളത്. എഗ്രിമെന്റ് വച്ചിരിക്കുന്നതും തുക നൽകിയതും റോഡിന്റെ നീളത്തിന് ആനുപാതികമായിട്ടല്ല. കോൺക്രീറ്റിന്റെ അളവനുസരിച്ചാണ്. ആയതിനാൽ തന്നെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നുള്ള വാദഗതി നിലനിൽക്കുന്നതല്ല. 124 $m^3$ കോൺക്രീറ്റ് ചെയ്തതിനെ എഗ്രിമെന്റ് പ്രകാരം 120.00$m^3$ ആയി ലിമിറ്റ് ചെയ്ത് കോൺക്രീറ്റിന് 793700/- രൂപ നൽകിയത് 10 സെ.മീ. കോൺക്രീറ്റ് കനം കണക്കാക്കിയാണ്. എന്നാൽ ആയത് 7.5 സെ.മീ. ആകുമ്പോൾ 93 $m^3$ കോൺക്രീറ്റാണ് വരുന്നതെന്ന് കാണുന്നു. ആയതിന് 615118 രൂപയാണ് (ജി.എസ്.ടി ഉൾപ്പെടെ) വരുന്നത്. അതിനാൽ 178582 രൂപ കൂടുതലായാണ് എം.ബുക്ക് പ്രകാരം തുക 2022 മാർച്ചിൽ നൽകിയത്. പിൽകാലത്ത് പരാതി ഉണ്ടായ ശേഷമാണ് 10 സെ.മീ. കനത്തിൽ ചെയ്ത്

അപാകത പരിഹരിച്ചതെന്ന് കാണുന്നു. ആയതിനാൽ ടി പ്രവർത്തിയുടെ ബില്ല് നിമിത്തം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്ന വാദം നിലനിൽക്കുന്നതല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. വിജിലൻസ് മിന്നൽ പരിശോധനറിപ്പോർട്ട്, എതിർവാദപത്രികകൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അസി. എക്സി. എഞ്ചിനിയർ ശ്രീമതി ശ്രീദേവി വി.എസ്.(PEN:422023, DoR:31/5/2033), അസി. എഞ്ചിനിയർ ശ്രീ.വി.കെ.ജയരാജ്(PEN:480978, DoR:31/5/2026), മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി വത്സല കുമാരി(PEN:889897, DoR:30/06/2043), എന്നിവർക്കെതിരെ സ്വീകരിച്ചുവന്ന അച്ചടക്കനടപടി അതേചട്ടത്തിലെ **ചട്ടം 11(1)(iii) പ്രകാരം മൂവരുടെയും ഒരു വാർഷികഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുക എന്ന ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി. ശ്രീദേവി വി.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പുനലൂർ നഗരസഭ, കൊല്ലം
2. ശ്രീ.വി.കെ. ജയരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ, പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം
3. ശ്രീമതി. വത്സല കുമാരി , മൂന്നാം ഗ്രേഡ് ഓവർസിയർ,പുനലൂർ നഗരസഭ, കൊല്ലം **(1-3 പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
7. വിജിലൻസ് (എഫ്) വകുപ്പ്
8. തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്(DPC ലിസ്റ്റ് സംബന്ധിച്ച നടപടിയ്ക്കായി)
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(EWA1/79/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 11-08-2025 12:40:10
സെക്ഷൻ ഓഫീസർ